സെക്രട്ടേറിയറ്റിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചിത്രീകരണങ്ങൾ

13 [17] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-2-1986-ൽ ദൂരദർശൻ വാർത്താ പരിപാടിയിൽ സെക്രട്ടേറിയറ്റിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചിത്രീകരണം നടത്തിയതിൽ ജീവനക്കാരെ തരംതാഴ്ത്തി ജോലി ചെയ്യാത്തവരായി കാണിച്ചിട്ടുള്ളതായുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ചിത്രീകരണത്തിന് ഗവൺമെൻറ് അനുവാദം നൽകിയിരുന്നോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തെക്കുറിച്ച് ചിത്രീകരണം നടത്താൻ ദൂരദർശന് അനുവാദം നൽകിയിരുന്നു.

26-2-1986-ലെ ബന്ദ് ദിവസം സംസ്ഥാന ജീവനക്കാരിൽ ജോലിക്ക് ഹാജരായവരുടെ ശതമാനം

14. [18] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-2-1986-ലെ ബന്ദ് ദിവസം സംസ്ഥാന ജീവനക്കാരിൽ എത്ര ശതമാനം പേർ ജോലിക്ക് ഹാജരായി ;

(ബി) ജില്ലതിരിച്ചുള്ള കണക്ക് പറയാമോ ;

(സി) സെക്രട്ടേറിയറ്റിൽ എത്രശതമാനം പേർ ജോലിക്കു ഹാജരായി;

(ഡി) ജോലിക്കു ഹാജരാകാത്തവരിൽനിന്ന് 'ഡയസ് നോൺ' ഇനത്തിൽ അന്നത്തെ ദിവസത്തെ ശമ്പളംമൂലം ഖജനാവിൽ എത്ര സംഖ്യ വരുമാനം ഉണ്ടാകും.

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിയമസഭാ സെക്രട്ടേറിയറ്റ് ഒഴികെ 73.35% പേർ സെക്രട്ടേറിയറ്റിൽ ഹാജരായി.

(ഡി) 'ഡയസ്നോൺ' ഇനത്തിൽ ജീവനക്കാർക്ക് നൽകാതിരിക്കുന്ന ശമ്പളം വരുമാനമായി ഗവൺമെൻറ് കരുതുന്നില്ല.

പുനർനിയമനം ലഭിച്ച ഉദ്യോഗസ്ഥൻമാർ

15 [20] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥൻമാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly